[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കയാണ്. അതും മാറാറാനോ അല്ലെങ്കിൽ വിപുലീകരിക്കുന്നതിനെക്കുറിച്ചോ ഇന്നും ഒരു തീരുമാനം എടുത്തിട്ടില്ല. വളരെ നിർദ്ദിഷ്ടമായ പല പദ്ധതികളും ഗവൺമെന്റിന്റെ മുമ്പാകെ ഉണ്ട്. ബൃഹത്തായ ഒരു ശുദ്ധ ജലവിതരണ പദ്ധതി പെരിന്തൽമണ്ണയിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അത് ധൃതഗതിയിലാക്കി നടപ്പിലാക്കുന്നതിനെക്കുറിച്ച് തീരുമാനിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ യാതൊരു വിധ സൗകര്യവുമില്ലാത്ത കീഴാറ്റൂർ, മേലാറ്റൂർ, ഇടപ്പറ, വെട്ടത്തൂർ പഞ്ചായത്തുകൾ ഭാഗമായി ഉൾക്കൊണ്ടുകൊണ്ട് ഉറവുംപുറം ശുദ്ധജലവിതരണ പദ്ധതിക്ക് ഒരു പ്രൊപ്പോസൽ ഉണ്ട്. അതും ഒട്ടെന്നു നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്. മറ്റൊന്ന് പാലക്കാട് ജില്ലയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള മുറിയംകണ്ണി ശുദ്ധജലവിതരണ പദ്ധതി മലപ്പുറം ജില്ലയിലെ രണ്ടു പഞ്ചായത്തുകളിൽകൂടിയാണ് പോകുന്നത്. ആ പദ്ധതി പെട്ടെന്നു തുടങ്ങിയാൽ മലപ്പുറം ജില്ലയിലെ ഈ തൊട്ടടുത്ത പഞ്ചായത്തുകളിൽകൂടി സൗകര്യപ്രദമായി ഉപയോഗിക്കാൻ സാധിക്കും. നിലവിലുള്ള ഏതാനും കുഴൽക്കിണർ പദ്ധതികളും ഇന്ന് ഭാഗികമായിട്ടേ പ്രവർത്തിക്കുന്നുള്ളൂ. കാരണം പല സമയത്തും വെള്ളം കിട്ടാറില്ലെന്നുള്ളതാണ്. അതുപോലെ കുഴിക്കപ്പെട്ടു കിടക്കുന്ന കുഴൽകിണറുകളിലെ പമ്പുഹൗസും വെള്ളമില്ലാതെ പ്രയാസപ്പെട്ടു കിടക്കുകയാണ്. ഈ കാര്യങ്ങളൊക്കെ ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കണം. ഹരിജൻ കോളനികൾ സർവ്വേയിൽ ധാരാളമുണ്ട്. ആ ഹരിജൻ കോളനികളിലൊന്നും കുഴൽക്കിണർ കുഴിക്കാൻ പണമില്ല, ഫണ്ടില്ല എന്നുപറഞ്ഞുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൈമലർത്തുകയാണ്. എന്താണ് ഇതിന്റെ നിജസ്ഥിതി എന്നുള്ള കാര്യം എനിക്ക് അറിയില്ല. ഏതായാലും മലപ്പുറം ജില്ലയിൽ ഏറ്റവും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന പെരിന്തൽമണ്ണ പട്ടണത്തിലും പരിസരപ്രദേശങ്ങളിലും അടിയന്തിരമായി അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞ് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

III സബ്മിഷൻ

(1) [ശ്രീ. വർക്കല രാധാകൃഷ്ണന്റെ—പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാരുടെ പരിതാപകരമായ അവസ്ഥ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു മാനുഷിക പ്രശ്നം സഭയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശിക്ഷിക്കപ്പെട്ടു കിടക്കുന്ന തടവുകാരുടെ സ്ഥിതി അങ്ങേയറ്റം പരിതാപകരമായിതീർന്നിരിക്കുകയാണ്. സുപ്രീംകോടതിതന്നെ തടവുകാരുടെ പ്രശ്നത്തിൽ ഇടപെടുകയും ഗവൺമെന്റിന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകുകയും ചെയ്യുക പതിവാണ്. തിരുവനന്തപുരത്തുള്ള പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാർ ദിവസവും ഒരു ഗേറാടി എന്നുള്ളനിലയിൽ ക്രൂരമായ മർദ്ദനത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. നമ്മളൊക്കെ നാസ്സി കോൺസെൻട്രേഷൻ ക്യാമ്പിലെ മർദ്ദനമുറകളെക്കുറിച്ച് കേട്ടിട്ടുണ്ട്. എന്നാൽ അതിലും നിഷ്ഠുരമായ മർദ്ദന സംവിധാനം ആ സെൻട്രൽ ജയിലിൽ നടന്നതായിട്ടുള്ള പല കത്തുകളും എന്റെ കൈവശമുണ്ട്. തടവുകാർ എഴുതി അയച്ചതാണത്. സമയമില്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഞാൻ അതൊന്നും വായിക്കുന്നില്ല ഒരു പുതിയ ജയിൽ സൂപ്രണ്ട് വന്നതിനുശേഷം ഇപ്പോഴും ഇന്ന് നിത്യവും അടിയായിരിക്കുകയാണ്. ഇതു പറയുമ്പോഴും ഒരുകാര്യംകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. തടവുശിക്ഷ അനുഭവിക്കുന്ന ആരും ആദ്യം പോകുന്നത് പോലീസ് സ്റ്റേഷനിലാണല്ലോ. അവിടെ ഇപ്പോഴും മീശ പിഴുന്ന സ്ഥിതിവരെ വന്നിട്ടുണ്ട്. അതുകൊണ്ട് പോലീസ് സ്റ്റേഷനിൽ ആദ്യം ഒരു സലൂൺ ഏർപ്പെടുത്തണം. രണ്ടാമത് സെൻട്രൽ ജയിലിലെ തടവുകാരെ മർദ്ദിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അവർക്ക് ന്യായമായ വേതനം കൊടുക്കണം. അതുപോലെതന്നെ ജയിൽ സൗകര്യങ്ങളും ചട്ടപ്രകാരം അനുവദിക്കണം. ഈ കാര്യങ്ങളിൽ മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തടവുകാരെ ജയിലിട്ട് മർദ്ദിക്കുന്നതായിട്ടുള്ള പരാതികളും ഗവൺമെൻറിന് കിട്ടിയിട്ടില്ല. ഞാൻ അന്വേഷിച്ചതിൽ അങ്ങനെ ഒരു സംവിധാനം നിലവിൽ ഇല്ല. എട്ടുവർഷം തികഞ്ഞ ആളുകളെ വിട്ടയയ്ക്കണമെന്ന ഒരു ഡിമാൻറു വച്ചുകൊണ്ടാണ് അവിടെ ഒരു നിരാഹാരം തുടങ്ങിയിരുന്നത്. ആ ഡിമാൻറ് അനുവദിച്ചുകൊടുത്താൽ ഒരു സംസ്ഥാനത്തും ഒരു നിയമവാഴ്ചയും നടക്കുകയില്ല. അതുകൊണ്ട് അത് അനുവദിക്കാൻ നിവർത്തിയില്ലെന്നുള്ള നിയമപരമായ സംഗതി അവരെ അറിയിച്ചിട്ടുണ്ട്. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ശ്രദ്ധയിൽപെടുത്തിയാൽ തീർച്ചയായും അതേക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കാം.

(2) ശ്രീ. വി. കെ. രാജൻറെ—കൊടുങ്ങല്ലൂർ മൈനർപോർട്ട് അഴിമുഖത്തു ഡ്രെഡ്ജിംഗ് നടത്താത്തതു കൊണ്ടുള്ള ബുദ്ധിമുട്ട്

ശ്രീ. വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ അഴിമുഖത്ത് രൂപം കൊണ്ടിരിക്കുന്ന മണൽത്തിട്ടയിൽ തട്ടി അൻപത്തിയഞ്ചിലേറെ മൽസ്യബന്ധന ബോട്ടുകളും തകരുകയും 50 മൽസ്യത്തൊഴിലാളികളും മരണമടയുകയും ചെയ്തിട്ടുണ്ട്. മുന്നൂറിലധികം ബോട്ടുകളും കൊടുങ്ങല്ലൂർ പോർട്ട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. കൊല്ലംതോറുമുള്ള മഴയുടെ ചാനൽ ഗതി മാറികൊണ്ടിരിക്കുന്നതിനാൽ മണൽത്തിട്ടരൂപം കൊണ്ടിരിക്കുന്നത് എവിടെയെല്ലാമാണെന്ന് മനസ്സിലാകുന്നതു അപകടങ്ങളും ഉണ്ടാകുമ്പോഴാണ്. 1975-ൽ കൊടുങ്ങല്ലൂർ പോർട്ട് ഒരു മൈനർ പോർട്ടായി പ്രഖ്യാപിക്കുകയും തുറമുഖവകുപ്പിൻറെ ഡ്രെഡ്ജർ ഉപയോഗിച്ച് 1976-ൽ ഒരു ചാനൽ ഡ്രെഡ്ജു ചെയ്യുകയും ചെയ്തുവെങ്കിലും, അതുകൊണ്ട് പ്രയോജനമുണ്ടായിട്ടില്ല. കൊല്ലംതോറും ചാനൽമാർക്ക് ചെയ്ത് ബോയി ഇടാറുണ്ടായിരുന്നു. കൂടാതെ കടൽപ്പുറത്ത് ഒരു ഗൈഡ്ലൈനറും സ്ഥാപിച്ചിരുന്നു. എന്നാൽ ഇന്നത്തെ നില വളരെ ശോചനീയമാണ്. രണ്ടുകൊല്ലമായി

LIBRARY ARCHIVES Kerala Legislative Assembly